CHR... Cri..19/1/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP.2171(2)/2020/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 5004/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാധാകൃഷ്ണൻ പി,
മാപറമ്പിൽ വീട്,
കടക്കരപ്പള്ളി (പി.ഒ),
ചേർത്തല,
ആലപ്പുഴ - 688 529.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, ഡിസ്ട്രിക്ട് പോലീസ് ഓഫീസ്, ആലപ്പുഴ.
2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി, ജില്ലാ പോലീസ് ഓഫീസ്, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/02/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/02/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23/04/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04/05/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11/05/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രാധാകൃഷ്ണൻ പി 04/05/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 11/05/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 2171(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 10/02/2020 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 29/02/2020 തീയതി നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ശ്രീ. അജയ മോഹനെതിരെ(നിലവിൽ മുഹമ്മ എസ്.ഐ) ക്രിമിനൽ കേസ് ഒന്നും ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിന്റെ പരിധിയിൽ ഇല്ല എന്ന് ഡി.സി.ആർ.ബി-യിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

4. 11/03/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 23/04/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 08/07/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ, മുഹമ്മ സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന ശ്രീ. അജയ മോഹനെതിരെ കേരളത്തിലെ ഏതെങ്കിലും കോടതിയിൽ ക്രിമിനൽ കേസ് പെന്റിംഗ് ഉണ്ടോ എന്നും, ഉണ്ടെങ്കിൽ ആയതിന്റെ കേസ് നമ്പരും ഏത് കോടതിയിൽ എന്നുള്ളതും നൽകുക എന്നതായിരുന്നുവെന്നും, ആലപ്പുഴ ജില്ലയിലെ ക്രൈം കേസുകളുടെ വിവരങ്ങൾ സൂക്ഷിക്കുന്ന ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭിച്ച മറുപടിയിൽ ശ്രീ. അജയ മോഹനെതിരെ ജില്ലയിൽ ക്രൈം കേസുകൾ ഒന്നും നിലവിലില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ G1(C)12398/20 പ്രകാരം മറുപടി നൽകിയിട്ടുണ്ടെ ന്നുമാണ്. തുടർന്ന് 13/03/2020 തീയതിയിൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ല എന്ന് പരാമർശിച്ചുകൊണ്ട് അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോയോട്ട വിശദീകരണം ആവശ്യപ്പെട്ടിരുന്നതും, ആയതിനു ശ്രീ. അജയ മോഹനെതിരെ ക്രിമിനൽ കേസ് ഒന്നും

ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിന്റെ പരിധിയിൽ ഇല്ല എന്നും, എന്നാൽ എന്തെങ്കിലും കോടതിയിൽ ക്രിമിനൽ കേസ് ഉണ്ടോ എന്നുള്ള വിവരം ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭ്യമല്ല എന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപ്പീൽ അപേക്ഷ 23/04/2020 തീയതിയിൽ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു അയച്ചു നൽകണമെന്നു എതിർകക്ഷിയ്ക്ക് ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകിയതു പ്രകാരം 12/12/2022-ൽ രണ്ടാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV